# A.K.G. CENTRE FOR RESEARCH & STUDIES

Palayam, Thiruvananthapuram -34, Kerala, India


## 4th International Congress on Kerala Studies 2016


Phone: 0471-2305731, 2774500 Fax: 2307141 e-mail: akgcentre2014@gmail.com


തീയതി: 21-12-2015

<u>പ്രസിദ്ധീകരണത്തിന്</u>

# പഠനകോൺഗ്രസിൽ 48 സെഷനുകൾ

തിരുവനന്തപുരം: എ.കെ.ജി പഠന ഗവേഷണ കേന്ദ്രം 2016 ജനുവരി 9, 10 തീയതികളിൽ സംഘടിപ്പിക്കുന്ന നാലാം കേരള പഠന കോൺഗ്രസിൽ 48 സമാന്തര സെഷനുകളിലായി അഞ്ഞൂറിലേറെ വിദഗ്ദ്ധർ പങ്കെടുക്കുന്നു. വ്യവസായം, കൃഷി, തൊഴിൽ, ഭൂമിപ്രശ്നം, മാധ്യമം, സാമൂഹ്യസുരക്ഷ, ലിംഗനീതി, ട്രാൻസ് ജണ്ടർ, സാന്ത്വന ചികിത്സ തുടങ്ങി വികസനത്തിന്റെ സമസ്ത മേഖലകളും ചർച്ച ചെയ്യുന്നതിനുതകുന്ന സെഷനുകൾ ആണുള്ളത്. കുടുംബശ്രീയുടെയും അധികാര വികേന്ദ്രീകരണത്തിന്റെയും അനുഭവങ്ങൾ പങ്കുവയ്ക്കുന്ന പ്രത്യേക സെഷനുകളും പഠന കോൺഗ്രസിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

കൃഷിയും അനുബന്ധ മേഖലകളും സംബന്ധിച്ച 6 സെഷനുകളും വ്യവസായവുമായി ബന്ധപ്പെട്ട 5 സെഷനുകളും ഉണ്ടാകും. ഭാഷ, സംസ്കാരം, മലയാളം കമ്പ്യൂട്ടിങ്ങ്, മാലിന്യ സംസ്കരണം, സ്പോർട്സ്, പ്രവാസിക്ഷേമം എന്നീ സെഷനുകളും രണ്ട് ദിവസമായി നടക്കും.

ഓരോ സെഷനിലും പത്ത് വീതം വിദഗ്ദ്ധർ പങ്കെടുക്കുന്നു. സെമിനാറിൽ രജിസ്റ്റർ ചെയ്യുന്ന പ്രതിനിധികൾക്കും ചർച്ചയിൽ പങ്കെടുക്കുവാനും അഭിപ്രായം പ്രകടിപ്പിക്കുവാനും അവസരം ഉണ്ടാകും. ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽ നിന്നുള്ള യുവഗവേഷകർക്കായി പ്രത്യേക സെഷനും സംഘടിപ്പിച്ചിട്ടുണ്ട്.

പഠന കോൺഗ്രസിലെ <u>പ്രതിനിധികൾക്കുള്ള</u> രജിസ്ട്രേഷൻ ആരംഭിച്ചു. വെബ്സൈറ്റ് (www.keralapadanacongress.in, www.akgcentre.in) ൽ ഓൺലൈനായും രജിസ്റ്റർ ചെയ്യാം. നേരിട്ട് രജിസ്റ്റർ ചെയ്യുവാൻ ആഗ്രഹിക്കുന്നവർ എ.കെ.ജി സെന്ററിലെ പഠന കോൺഗ്രസ് സെല്ലിൽ ബന്ധപ്പെടുക. ഫോൺ നമ്പർ: 0471-2774500. 500 രൂപയാണ് രജിസ്ട്രേഷൻ ഫീസ്. വിദ്യാർത്ഥികൾക്ക് 200 രൂപ. ഓൺലൈൻ അക്കൗണ്ട് നമ്പർ: 67346318069.